**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1943 — 01-02-2018 ൽ മറുപടിയ്ക്ക്

**തോക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) തോക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശം അറിയിക്കുമോ; | എ) 1959-ലെ ആംസ് ആക്ട് (Arms Act) വകുപ്പ് 13, 2016-ലെ പുതിയ ആയുധ ചട്ടങ്ങൾ അധ്യായം-2 ചട്ടങ്ങൾ 5 മുതൽ 23, 25 മുതൽ 27, അധ്യായം-3 ചട്ടം 35 മുതൽ 39, 41 മുതൽ 46 വരെ എന്നിവയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളാണ് തോക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ളത്. |
| ബി) ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | ബി) 1959-ലെ ആയുധ നിയമം വകുപ്പ് 13,14,15, 2016-ലെ പുതിയ ആയുധ ചട്ടങ്ങൾ അധ്യായം -2 ചട്ടം 24 എന്നിവയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് തോക്ക് ലൈസൻസ് പുതുക്കി അനുവദിക്കുന്നത്. |
| സി) പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനും പുതുക്കി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) ലൈസൻസ് പുതുക്കി നൽകുന്നതിന് 1959 ലെ ആംസ് ആക്ട് (Arms Act), ടി ആക്ടിനു കീഴിൽ കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാരിന് ലഘൂകരിക്കാൻ സാധിക്കില്ല. ഇക്കാര്യത്തിൽ നിയമപരമായി അനുവദനീയമായ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾ (Licencing/Renewing Authority) ബാധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ